# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## മാതാവിന്റെ മാദ്ധ്യസ്ഥം തേടി സിദ്ധരാമയ്യ



കർണ്ണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ മാതാവിന്റെ ജനനത്തിരുനാളായ ഇന്നലെ ബംഗലൂരുവിലുള്ള മരിയൻ തീർത്ഥാടനകേന്ദ്രം സന്ദർശിച്ചു. വരൾച്ച, കർഷകർ അനുഭവിക്കുന്ന മറ്റു ദുരന്തങ്ങൾ എന്നിവയ്ക്ക് അറുതി വരുത്താനും അനുകൂലമായ കാലാവസ്ഥ ലഭിക്കാനും പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം യാചിക്കണമെന്ന് അദ്ദേഹം വിശ്വാസികളോട് അഭ്യർത്ഥിച്ചു.

സംസ്ഥാനത്തെ മറ്റു മന്ത്രിമാരായ കെ.ജെ.ജോർജ്ജ്, റോഷൻ ബെയ്ഗ് എന്നിവരും മുഖ്യമന്ത്രിയോടൊപ്പം ഉണ്ടായിരുന്നു. 3000 ഓളം വിശ്വാസികളാണ് ദിവ്യബലിയിൽ സംബന്ധിച്ചത്. ഉണ്ണിയേശുവിനെ കയ്യിലേന്തി നിൽക്കുന്ന മാതാവിന്റെ രൂപം പൂക്കൾകൊണ്ട് അലങ്കരിച്ചിരുന്നു.

ഇത്രയധികമാളുകൾ ദിവ്യബലിയിൽ പങ്കെടുക്കാനെത്തിയതിൽ സന്തോഷമുണ്ടെന്ന് ദിവ്യബലിക്കു മുഖ്യകാർമ്മികത്വം വഹിച്ച ആർച്ച്ബിഷപ്പ് ബെർനാർഡ് മോറസ് പറഞ്ഞു. പരിശുദ്ധമാതാവിനോടുള്ള ഭക്തി എന്നും കാത്തുസൂക്ഷിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.